## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നംമ്പർ : 9914/11/12/2024/,

പരാതികക്ഷി : വി കൃഷ്ണമ്മ, ശ്രീലേഖ ഭവൻ,ശ്രീകാര്യം.

എതിർകക്ഷികൾ

ഉത്തരവ് തീയതി 06.11.2025

ഹർജികക്ഷിയുടെ അയൽവാസിയായ വിപിൻ എന്നയാളുടെ വീട്ടിൽ നിന്നുള്ള മലിനജലം മതിലിനടിയിലൂടെ ഒഴുകി പരാതികക്ഷിയുടെ വീടിൻറെ പരിസരത്ത് എത്തുന്നതായും ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് അധികൃതർക്ക് പരാതി നൽകിയിട്ട് നടപടി ഉണ്ടായിട്ടില്ല എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 09.06.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരന്റെ വീട്ടിൽ നിന്നും ഏകദേശം 10 അടി ഉയരത്തിലാണ് എതിർകക്ഷിയായ ശ്രീ വിപിന്റെ വീട് സ്ഥിതി ചെയ്യുന്നതെന്നും ടിയാന്റെ വീടിന്റെ പുറകുവശത്തായി കക്കൂസ് മാലിന്യം ശേഖരിക്കുന്നതിനായി പ്ലാസ്റ്റിക് നിർമ്മിത സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിരിക്കുന്നതായും ഈ സെപ്റ്റിക് ടാങ്കിന്റെ ഓവർ ഫ്ലോ ഏകദേശം 10 കോൺക്രീറ്റ് റിങ്ങ് കൊണ്ട് നിർമ്മിച്ച ടാങ്കിൽ കണക്ട് ചെയ്തിരിക്കുന്നതായും, പരിശോധനയിൽ എതിർകക്ഷിയുടെ ടാങ്കുകൾക്ക് ചോർച്ച ഉള്ളതായോ മലിനജലം പുറമേ ഒഴുകുന്നതായോ കാണാൻ കഴിഞ്ഞിട്ടില്ല എന്നും, നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയ പ്രകാരം രണ്ട് ടാങ്കുകളിലെയും മലിനജലം പൂർണമായും സക്ക് ചെയ്ത് മാറ്റി ടാങ്കിന്റെ ഉൾവശത്ത് സിമൻറ് കൊണ്ട് പോയിന്റ് ചെയ്തിട്ടുള്ളതും ആയത് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.11.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. മലിനജലം നിലവിലും മതിലിനടിയിലൂടെ മുറ്റത്തേക്ക് ഒലിച്ചിറങ്ങുന്നതായും പരാതിക്ക് ശാശ്വത പരിഹാരം ഉണ്ടാക്കണമെന്നും പറയുകയുണ്ടായി.

4. ഇപ്പോഴും മലിനജലം ഒഴുകിയെത്തുന്നതായി പരാതിപ്പെടുന്ന സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി അസിസ്റ്റന്റ് എൻജിനീയറെ നിയോഗിച്ചുകൊണ്ട് സ്ഥല പരിശോധന നടത്തേണ്ടതാണ് പരിശോധന റിപ്പോർട്ട് ലഭിച്ചശേഷം ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത് അവരെ കേട്ട ശേഷം കേരള മുൻസിപ്പാലിറ്റി ആക്ടും റൂളും അനുസരിച്ചുള്ള നിയമാനുസൃത തുടർനടപടികൾ 6 ആഴ്ചക്കുള്ളിൽ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം നഗരസഭ സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ